ഉത്തരം

ഈ സ്ഥലത്തു് 25 ഏക്കർ സ്ഥലം അകപ്രയർ ചെയ്യുന്നതിനു് അനുവാദം നൽകിയിട്ടുണ്ടു്. ടി സ്ഥലം പരിശോധിച്ചു് അതിർത്തികൾ രേഖപ്പെടുത്തുന്നതിനും ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടു്. ഈ സ്ഥലത്തു് പത്തു കുടിയുണ്ടു്. ഇതു് അകപ്രയർ ചെയ്യുന്നതിനു് എതിരായി ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾകൂടി കണക്കിലെടുത്തു് വേഗത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണു്.

II. STATEMENT BY MINISTER

Mr. Speaker: Can the hon. Revenue Minister give us any information about the health of the Chief Minister ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-ാം തീയതി ഡൽഹിയിൽനിന്നും ജർമ്മനിയിലേക്കു് യാത്ര തിരിച്ചു. അദ്ദേഹം ഇപ്പോൾ ജർമ്മനിയിൽ എത്തിക്കഴിഞ്ഞു. അവിടത്തെ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചുകഴിയുകയും ചെയ്തു. അദ്ദേഹത്തിന്റെ സുഖക്കേടിന്റെ വിവരങ്ങളെ സംബന്ധിച്ചു അവിടെയുള്ള ഡോക്ടറന്മാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. അദ്ദേഹം ഇവിടെനിന്നും പോയപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ശരീരസ്ഥിതി അല്പം മെച്ചപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ അദ്ദേഹത്തിന്റെ വയറ്റിൽ വേദനയില്ലെന്നും അദ്ദേഹം വളരെ ഉന്മേഷവാനായി ഇരിക്കുന്നു എന്നുമാണു് അറിയുന്നതു്. അദ്ദേഹത്തിന്റെ രോഗത്തെപ്പറ്റി പൂർണ്ണമായി പരിശോധിച്ചതിനു ശേഷം അതെന്താണെന്നുള്ള വിവരം അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ടു്. ഇപ്പോൾ പ്രത്യേകമായി ഒന്നുംതന്നെ ഇല്ലെന്നാണു് അറിയിച്ചിരിക്കുന്നതു്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോക്കിനെ സംബന്ധിച്ചും അതിലുണ്ടായിട്ടുള്ള അറേഞ്ജുമെന്റിനെ സംബന്ധിച്ചും ഔപചാരികമായും അനൗപചാരികമായും ചില ബഹുമാനപ്പെട്ട മെമ്പർമാർ എന്നോടു ചോദിക്കുകയുണ്ടായി. അതിനെപ്പറ്റി എനിക്കു് പറയുവാനുള്ളതു്, ചികിത്സക്കായി ഡൽഹിയിൽനിന്നു് ജർമ്മനിവരെ പോകുന്നതിനും തിരിച്ചു വരുന്നതിനും അദ്ദേഹത്തിനോടും അദ്ദേഹത്തിന്റെ കുടുംബത്തിനോടും മുഴുവൻ യാത്ര ചെലവും അവിടെ താമസിക്കുന്നതിനും മറ്റുമുള്ള ചെലവും ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കു് വഹിക്കാമെന്നാണു് ആ ഗവണ്മെന്റു ശ്രീ. ഇ. എം. എസ്., നമ്പൂതിരിപ്പാടിനെ അറിയിച്ചിട്ടുള്ളതു്. പക്ഷെ അതേസമയം അദ്ദേഹത്തിന്റെ കൂടെ പോയ ഡോക്ടർ ഡുട്ടിയിലാണു്. അദ്ദേഹത്തിന്റെ ചെലവു മുഴുവൻ ഈ ഗവണ്മെന്റാണു് വഹിക്കേണ്ടതു്. അതിനാവശ്യമായ ഫോറിൻ എക്സ്ചേഞ്ചും മറ്റും ഈ ഗവണ്മെന്റു ചെയ്തുകൊടുത്തിട്ടുണ്ടു്. ഇത്രയും മാത്രമേ അതിനെപ്പറ്റി ഇപ്പോൾ ഈ സഭയെ അറിയിക്കുവാനുള്ളു.

III. ADJOURNMENT MOTION

(i) Clash between a landlord and Agricultural workers in Palghat.

ശ്രീ. സ്പീക്കർ : പാലക്കാട്ടു താലൂക്കിൽ കണ്ണാടി പഞ്ചായത്തിൽപ്പെട്ട കുഴൽതിരിത്തി എന്ന സ്ഥലത്തെ ജന്മിയും ഒരു സംഘം ജനസംഘം വാളന്റിയന്മാരും കൂടി കർഷകത്തൊഴിലാളികളെ ആക്രമിക്കുകയും വെടിവെയ്ക്കുകയും ചെയ്തതിനെത്തുടർന്നു സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യുവാൻ ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) ഒരു അടിയന്തിരപ്രമേയത്തിനു് നോട്ടീസു് തന്നിട്ടുണ്ടു്. അതിനെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ സംസാരിക്കാം.

9 A. M.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കുഞ്ഞൻ) : സർ, പാലക്കാട്ട് താലൂക്കിൽ കാഞ്ഞിരാണ്ടി പഞ്ചായത്തിൽ കട്ടംതിരുത്തി എന്ന സ്ഥലത്തുണ്ടായ സംഭവത്തെക്കുറിച്ചുള്ള വിവരം ഗവണ്മെൻറിലേക്ക് ലഭിച്ച ഉടനെ തന്നെ ആവശ്യമായ പോലീസിനെ സ്ഥലത്തു് അയച്ചിട്ടുണ്ടു്. അവിടെ ആവശ്യമായ സമാധാന നടപടികളും ഇപ്പോഴേതന്നെ സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടെ സാധാരണ നില മാത്രമേയുള്ളൂ. അടിയന്തിരാവസ്ഥ ഒന്നുംതന്നെയില്ല. അതുപോലെതന്നെ പാലക്കാട്ട് ടൗണിലും സാധാരണ നില എത്തിയിട്ടുണ്ടെന്നു റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ഇപ്പോൾ അവിടെയെല്ലാം തന്നെ യാതൊരു വിധത്തിലുള്ള അടിയന്തിര പരിതഃസ്ഥിതിയുമില്ലെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(ii) Strike by the Labourers of the Sankar's Paints and Oils, Shertallai.

മി. സ്പീക്കർ : ചേർത്തലയിലെ ശങ്കർ പെയിൻറ്സ് ആൻഡ് ഓയിൽ കമ്പനി മാനേജ്മെൻറിനെതിരെ തൊഴിലാളികൾ നടത്തിവരുന്ന പ്രത്യക്ഷ സമര പരിപാടികൾ മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനു് ശ്രീ. കുമാരപിള്ള ഒരു അടിയന്തിര പ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുണ്ടു്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ) : നാളെ അതിനുള്ള വിശദീകരണം നൽകാവുന്നതാണു്.

IV. CALLING ATTENTION UNDER RULE 61

Lay off in the Lekshmi Mills, Trichur

മി. സ്പീക്കർ : തൃശ്ശൂർ ലക്ഷ്മി മിൽസ് ലേ ഓഫ് ചെയ്യാൻ മാനേജ്മെൻറ് നിശ്ചയിച്ചതിനെത്തുടർന്നു മുന്നൂറിൽ പരം തൊഴിലാളി കുടുംബങ്ങൾക്കു് നേരിടേണ്ടി വന്നിരിക്കുന്ന വിഷമതകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ കെ. കരുണാകരൻ റൂം 61 അനുസരിച്ചു് ഒരു നോട്ടീസും നൽകിയിട്ടുണ്ടു്. ശ്രീ. കെ. കരുണാകരനു് അതേപ്പറ്റി സംസാരിക്കാം.

ശ്രീ. കെ കരുണാകരൻ: സർ, തൃശ്ശൂരിലെ ലക്ഷ്മി മിൽസിൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായിട്ടു് ജോലി ഇല്ലായ്മ നിലനിൽക്കുകയാണു്. അതിനുള്ള കാരണം ജൂൺ മാസം 14-ാം തീയതി അവിടെയുള്ള കുറെ തൊഴിലാളികളെ പിരിച്ചുവിട്ടതാണു്. തൊഴിലാളികളെ പിരിച്ചുവിട്ടതിനെത്തുടർന്നു മാറുള്ള തൊഴിലാളികളും പണിമുടക്കു് ആരംഭിച്ചു. ആ പണിമുടക്കു് പിൻവലിച്ചതിനുശേഷം അവിടെ ജോലിക്കു ചെന്ന തൊഴിലാളികളെ പത്തു് പന്ത്രണ്ടോളം ആളുകളും ചേർന്നു് ബലം പ്രയോഗിച്ചു തടയുകയുണ്ടായി. അതുകൊണ്ടു് ജോലിക്കു് പോകാൻ തയാറായി ചെന്ന ആളുകൾക്കു് മില്ലിനകത്തു് പ്രവേശിക്കാൻ സാധിച്ചില്ല. അതിനുശേഷം ആ തൊഴിലാളികളും ഒരു ജാഥയായി പോയി അവിടത്തെ കളക്ടറെ കാണുകയും, അവർക്കു് ജോലിക്കു പോകാനുള്ള മാർഗ്ഗതടസ്സം ഒഴിവാക്കി കൊടുക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. അവർ ഇക്കാര്യം തൊഴിൽ മന്ത്രിയേയും അറിയിച്ചിട്ടുണ്ടു്. പക്ഷേ ഇതുവരെയായിട്ടും അതിലൊരു തീരുമാനം ഉണ്ടായിട്ടില്ലെന്നുള്ളതാണു് സത്യം. ഒരുപക്ഷം അടുക്കാൻ പോകുന്ന ഈ സന്ദർഭത്തിലെങ്കിലും അതിനൊരു പരിഹാരം കാണേണ്ടതാണു്. അവിടെ പണിയെടുക്കുന്ന മുന്നൂറോളം കുടുംബങ്ങൾ കഴിഞ്ഞ രണ്ടു മൂന്നു് മാസമായിട്ടു പട്ടിണിയിൽ കഴിയുകയാണു്. ഇങ്ങനെ പട്ടിണി തുടർന്നാൽ എന്തു് സംഭവിക്കുമെന്നു് അറിഞ്ഞുകൂടാ. ഒരു ന്യൂനപക്ഷം ആളുകൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ നേടുന്നതിനുവേണ്ടി മുന്നൂറോളം കുടുംബങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly